**Series SKS**

**Code No. 12**

Roll No. | | | | | | | |

Candidates must write the Code on the title page of the answer-book.

- Please check that this question paper contains **6** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **4** questions.
- **Please write down the Serial Number of the question before attempting it.**
- 15 minutes time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ*
*Time allowed : 3 hours*

*ആകെ മാർക്ക് : 100*
*Maximum Marks : 100*

**1.** (a) ഉപമാലങ്കാരത്തിന്റെ ലക്ഷണമെഴുതി, ലുപ്തോപമ മാലോപമ എന്നിവ ലക്ഷണസഹിതം ഉദാഹരിക്കുക. *10*

**അല്ലെങ്കിൽ**

ഉത്പ്രേക്ഷ എന്നാലെന്ത് ? അതിന്റെ പ്രധാന വിഭാഗങ്ങളേവ ? പ്രധാന വിഭാഗങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം വിശദീകരിക്കുക.

(b) 'തെല്ലിതിൻ സ്പർശമില്ലാതെയില്ലലങ്കാരമൊന്നുമേ'
വിശദീകരിക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ
വിരോധാഭാസം, ഉല്ലേഖം എന്നീ അലങ്കാരങ്ങൾ വിവരിക്കുക. *10*

**അല്ലെങ്കിൽ**

വർണ്ണ്യാവർണ്ണ്യങ്ങൾക്ക് അഭേദം കല്പിക്കുന്ന
അലങ്കാരമേതെന്നു വിശദമാക്കി, അതിന്റെ വിഭാഗങ്ങൾ
ഉദാഹരിച്ച് വിവരിക്കുക.

(c) അലങ്കാരം നിർണ്ണയിച്ച് ലക്ഷണമെഴുതി സമന്വയിപ്പിക്കുക, *5*

"കാലം വൈകിപ്പോയി കേവലമാചാര-
നൂലുകളെല്ലാം പഴകിപ്പോയി
കെട്ടി നിറുത്താൻ കഴിയാതെ ദുർബല-
പ്പെട്ട ചരടിൽ ജനത നിൽക്കാ"

**അല്ലെങ്കിൽ**

"വാസരത്തൊഴിലാളികൾ വന്നു
വാതിലിൽ ദൃഢം മുട്ടിയെന്നാലും
മെത്ത കൈവിടാതെൻ ഹൃദയത്തിൽ
നിദ്രചെയ്തൊരാക്കാവ്യസങ്കല്പം"

**2.** (a) വാഹനാപകടങ്ങൾ കുടുംബങ്ങളെ കണ്ണീരിലാഴ്ത്തുന്നു
എന്ന വിഷയത്തിലേക്ക് അധികാരികളുടെ ശ്രദ്ധ
ക്ഷണിച്ചുകൊണ്ട് ഒരു പ്രമുഖ പത്രത്തിന്റെ പത്രാധിപർക്ക്
ഒരു കത്തു തയ്യാറാക്കുക. *8*

**അല്ലെങ്കിൽ**

'സാന്ത്വനസ്പർശമാകുന്ന പത്രങ്ങൾ' എന്ന ശീർഷകത്തിൽ,
ദരിദ്രകുടുംബങ്ങൾക്ക് ചികിത്സാ സഹായ
മെത്തിക്കുന്നതിൽ പത്രങ്ങൾ വഹിക്കുന്ന പങ്കിനെ
അനുമോദിച്ചുകൊണ്ട് ഒരു പ്രമുഖ പത്രത്തിന്റെ
പത്രാധിപർക്ക് ഒരു കത്ത് എഴുതുക.

(b) കൃഷിഭൂമികൾ ഫ്ളാറ്റ് സമുച്ചയങ്ങളായി മാറുന്നതിനെക്കുറിച്ചു നടന്ന ചർച്ച വിഷയമാക്കി ഒരു പത്രറിപ്പോർട്ട് തയ്യാറാക്കുക. 7

**അല്ലെങ്കിൽ**

ബാലപീഡനത്തിന്റെ വിവിധമുഖങ്ങൾ വെളിച്ചത്തുകൊണ്ടുവരുവാനും അത്തരം ക്രൂരതകൾ അവസാനിപ്പിക്കുന്നതിനുവേണ്ടിയും നടത്തിയ സർവേയുടെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ടു തയ്യാറാക്കുക.

(c) താഴെ കൊടുത്തിട്ടുള്ള ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

നവോത്ഥാനത്തിനുശേഷം പ്രപഞ്ചത്തിലെ മുഴുവൻ വിജ്ഞാനവും ഉൾക്കൊള്ളാൻ മാത്രം തീവ്രതൃഷ്ണയുള്ള ഒരു പാശ്ചാത്യ ജനത രൂപംകൊണ്ടു. ഇതേ സമയം പൗരസ്ത്യദേശം, വിശേഷിച്ച് ഭാരതം, ആത്മീയവും ഭൗതികവുമായ ജ്ഞാനവിജ്ഞാനങ്ങളുടെ വേലിയേററത്തിനു ശേഷം സ്വാഭാവികമായി ഉണ്ടാകാവുന്ന ഒരു മയക്കത്തിലായിരുന്നു. പാശ്ചാത്യ രാജ്യങ്ങളിലെ വിജ്ഞാനദാഹികളിൽ വലിയൊരു വിഭാഗം സ്വയമറിയാനും വിലയിരുത്താനും വെമ്പൽ കൊണ്ടു. മരണതുല്യമായ ദീർഘകാല സുഷുപ്തിക്കുശേഷം ഒരു സുപ്രഭാതത്തിൽ ഉണർന്നെഴുന്നേററപ്പോൾ അനുഭവപ്പെട്ടിരിക്കാവുന്ന ഒരസ്വാസ്ഥ്യം, ഭൂതകാലം നഷ്ടപ്പെട്ടവനേപ്പോലെ, താനാരാണെന്നും താനെവിടെ നിൽക്കുന്നുവെന്നും താനെങ്ങനെ ഇവിടെയെത്തിയെന്നും അറിയാതെ പകച്ചു നിന്ന ജനതക്ക് സ്വയമറിയാനും വിലയിരുത്താനുമുള്ള അദമ്യമായ അഭിലാഷം ഇവയുടെ സാക്ഷാത്കാരമായിരുന്നു പാശ്ചാത്യദേശങ്ങളിലുണ്ടായ പല പുതിയ വിജ്ഞാനമേഖലകളുടെയും രംഗപ്രവേശം. നവോത്ഥാനത്തോടു കൂടി പാശ്ചാത്യ ജനതകളിൽ ദേശീയ ബോധത്തിന് ആക്കം കൂടി. ഒരോ ജനതയും അവരവരുടെ ദേശീയത ഉയർത്തിപ്പിടിക്കാൻ ശ്രമിച്ചു.

മറ്റു രാജ്യങ്ങളെപ്പോലെ തന്നെ തന്റെ രാജ്യത്തിനും തനതായ പാരമ്പര്യവും സംസ്കൃതിയും ഉണ്ടെന്നു കാണിക്കാൻ ഓരോ ജനതയും ഔത്സുക്യം കാണിച്ചു. ഇത് പാരമ്പര്യത്തെക്കുറിച്ചും സംസ്ക്കാര വിശേഷങ്ങളെക്കുറിച്ചും ഉള്ള ഗൗരവമായ പഠനത്തിനു വഴിതെളിച്ചു. പൗരാണികത്വത്തെപ്പറ്റിയും സംസ്കൃതിയെപ്പറ്റിയും ഉള്ള പഠനമാണ് പിന്നീട് വിശാലവും ക്രമീകൃതവുമായ ഒരു വിജ്ഞാനശാഖയ്ക്ക് രൂപം കൊടുത്തത്. അതത്രേ - ഫോക്‌ലോർ.

**ചോദ്യങ്ങൾ :**

(i) പാശ്ചാത്യദേശങ്ങളിൽ പുതിയ വിജ്ഞാനമേഖലകൾ രംഗപ്രവേശം ചെയ്യാനിടയായതെങ്ങനെ ? 2

(ii) ഫോക്‌ലോർ എന്നാലെന്ത് ? 2

(iii) നവോത്ഥാനത്തിനു ശേഷം ഭാരതത്തിന്റെ അവസ്ഥ എന്തായിരുന്നു ? 2

(iv) പാശ്ചാത്യ ജനതയിൽ നവോത്ഥാനത്തിനു ശേഷം പ്രകടമായ മാററം എന്തായിരുന്നു ? 2

(v) ഈ ഖണ്ഡികയ്ക്ക് അനുയോജ്യമായ ഒരുശീർഷകം നൽകുക. 2

**3.** താഴെ കൊടുത്തിട്ടുള്ളവയിൽ ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക : 6×5=30

(i) 'രണ്ടുതുള്ളി വെള്ളമായിരുന്നു എന്റെകടം. അതുഞാൻ കുറച്ചു മുമ്പേ വീട്ടിക്കഴിഞ്ഞു' - ആരുടെ ചിന്തയാണിത് ? ഈ ചിന്തയിലേക്കയാളെ നയിക്കാനിടയായ സാഹചര്യം വിശദീകരിക്കുക.

(ii) 'പെൻഷനും രോഗത്തിനും മരണത്തിനുമുള്ള ഒരർഹതമാത്രമാണ് വൃദ്ധർ എന്ന തോന്നൽ നമ്മുടെ വീടുകളിൽ അടിക്കടി ശക്തിപ്പെടുകയാണ്' എന്നു പറയാൻ ലേഖകൻ നിരത്തുന്ന കാരണങ്ങൾ എന്തെല്ലാം ?

(iii) 'അമ്മ ഒരിക്കലും നുണ പറഞ്ഞിട്ടില്ലേ' എന്ന മകളുടെ അന്വേഷണത്തിനു മുന്നിൽ അമ്മ പതറിപ്പോകാൻ കാരണമെന്ത് ?

(iv) "ജീവിത മഹാനദിയുടെ കാവ്യാത്മക സംഗീതത്തിന്റെ അടിസ്ഥാനത്തിലാണ് പാഥേർ പാഞ്ചാലി അറിയപ്പെടുന്നത്" – വിശദീകരിക്കുക.

(v) മാതാപിതാക്കൾ, വിദ്യാലയം ഇവയൊക്കെ ബഷീറിൽ ഗൃഹാതുരത്വ മുണർത്തുന്ന ഓർമ്മകളായി തിരക്കഥാകൃത്ത് ആവിഷ്ക്കരിക്കുന്നതെങ്ങനെ ?

(vi) ബന്ധനസ്തയായ ഒരു സ്ത്രീയുടെ മടുപ്പും പ്രതിഷേധവും 'വിളി' എന്ന കവിതയുടെ അന്തർധാരയായി ആസ്വാദകൻ വായിക്കുന്നു എന്ന് ലേഖകൻ വ്യക്തമാക്കുന്നതെങ്ങനെ ?

(vii) ഹിഗ്വിറ്റ എന്ന കഥയിലൂടെ കഥാകൃത്ത് ആവിഷ്കരിക്കുന്ന സാമൂഹിക പ്രശ്നമെന്ത് ?

(viii) ടൂറിസ്റ്റ് വ്യവസായം നമ്മുടെ നാട്ടിലെ സാംസ്ക്കാരിക രംഗത്ത് എന്തെല്ലാം പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാമെന്നാണ് ഡോ. എം. ഗംഗാധരൻ അഭിപ്രായപ്പെടുന്നത് ?

(ix) മറുത്തു കളിയുടെ അവതരണ രീതി വിശദീകരിക്കുക.

(x) ഭാഷകന്റെ ഭാഷാപ്രയോഗത്തിൽ വ്യാകരണത്തിന്റെ ധർമ്മമെന്ത് ?

4. ഏതെങ്കിലും അഞ്ചുചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (ഉത്തരം ഒരുഖണ്ഡികയിൽ കവിയരുത്) 5×4=20

(i) 'മദ്വചനങ്ങൾക്കു മാർദ്ദവമില്ലെങ്കിലുദ്ദേശ ശുദ്ധിയാൽ മാപ്പുനൽകിൻ' – വചനങ്ങൾക്കു മാർദ്ദവമില്ലെന്ന് കവിക്കുതോന്നാൻ കാരണമെന്ത് ? അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധി എന്ത് ? വിശദമാക്കുക.

(ii) "കരിങ്കുറ്റൻ പെരുന്തച്ചൻ ഈ കൈകളാൽ തീർത്തതാണ് സർവസ്വവും" – ആശയത്തിന്റെ ഭംഗിയും വ്യാപ്തിയും വിവരിക്കുക.

(iii) ബുദ്ധിമാന്മാർ നമ്മൾ, യാന്ത്രിക വംശജർ തൊട്ടുതുടച്ചുമശുദ്ധമാക്കീടരുത്. ഒറ്റ മനുഷ്യപ്രദർശനവസ്തുവും - ആശയം വിശദമാക്കുക.

(iv) "എൻ കിനാവിന്റെ പൊട്ടിയ ചിൽകൾ വെണ്ണിലാവതിൽ കണ്ടുഞാൻ നിൽക്കെ..." – എങ്ങനെയാണ് കിനാവിന്റെ ചില്ലുകൾ പൊട്ടിയത് ? എന്തായിരുന്നു കവിയുടെ കിനാവുകൾ ?

(v) തിരസ്കാരം എന്നകവിത നമുക്കു നൽകുന്ന സന്ദേശമെന്ത് ?

(vi) പ്രകൃതി ദൃശ്യങ്ങൾ കവിഹൃദയത്തിൽ വികാരങ്ങളെ ഉണർത്താൻ സഹായിക്കുന്നുണ്ടോ എന്ന് ഏറ്റവും ദുഃഖഭരിതമായ വരികൾ എന്ന കവിതയെ ആസ്പദമാക്കി വിലയിരുത്തുക.

(vii) ഇന്നുലോകത്തു നിലനിൽക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും ശാശ്വതപരിഹാരം 'പരസ്പരം സ്നേഹിക്കുക' എന്നതാണെന്ന് പാഠഭാഗത്തെ ആസ്പദമാക്കി വിശദമാക്കുക.